ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ അതിന്റെ കോപ്പി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നിന്നും എല്ലാ ആർ. ടി. ഒ. മാർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഹൈക്കോടതി വിധി ഇക്കഴിഞ്ഞ ജനുവരിയിലാണ് സർക്കാരിനു ലഭിച്ചത്. വിധി നടപ്പാക്കുന്നതിന് ജനുവരിയിൽത്തന്നെ സർക്കാർ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും, തുടർന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ഇക്കാര്യത്തിൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ബസ്സുകളുടെ ചവിട്ടുപടി

105 [2877] ശ്രീമതി രാധാരാഘവൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, ജോർജ് ജെ. മാത്യു :
,, എൻ. ഡി. അപ്പച്ചൻ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേജ് ക്യാരേജ് ബസ്സുകളുടെ ചവിട്ടുപടികളുടെ ഉയരം എത്രയായിരിക്കണമെന്ന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതെന്തെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തുള്ള ബസ്സുകളുടെ ചവിട്ടുപടി ഈ വ്യവസ്ഥകളനുസരിച്ചാണോ ഉണ്ടാക്കിയിട്ടുള്ളത്;

(സി) ഈ വ്യവസ്ഥകളനുസരിച്ച് ചവിട്ടുപടിയുണ്ടാക്കാത്ത സ്റ്റേജ്ക്യാരേജ് ബസ്സുകൾക്ക് പെർമിറ്റ് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ;

(ഡി) സ്റ്റേജ് ക്യാരേജ് ബസ്സുകളുടെ ചവിട്ട്പടികളുടെ ഉയരം സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബഞ്ച് 2004 അവസാനപാദത്തിൽ പുറപ്പെടുവിച്ച ഉത്തരവ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഉത്തരവിലെ പ്രതിപാദ്യം എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; അതിന്റെ കോപ്പി ആർക്കെല്ലാം കിട്ടി; അത് നടപ്പിലാക്കിയോ;

(എഫ്) അതിന്റെ അടിസ്ഥാനത്തിൽ എത്ര സ്റ്റേജ് ക്യാരേജുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നിഷേധിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എത്ര സ്റ്റേജ് ക്യാരേജ് ബസ്സുകൾ മോട്ടോർ വാഹന വകുപ്പിലെ ഫീൽഡ് ഓഫീസർമാർ പരിശോധിച്ചു;

(എച്ച്) അതിന്റെ ഫലമായി എത്ര സ്റ്റേജുക്യാരേജ് ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കി?

ഉത്തരം

(എ) ഉണ്ട്. സ്റ്റേജ് ക്യാരേജ് ബസ്സുകളുടെ ചവിട്ടുപടികളുടെ ഉയരം എത്ര ആയിരിക്കണമെന്ന് കേരള മോട്ടോർ വാഹന ചട്ടം 282 (1)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് ആളൊഴിഞ്ഞ അവസ്ഥയിൽ തറനിരപ്പിൽ നിന്നും ഏറ്റവും കൂടിയ ഉയരം 40 സെ. മീറ്ററും ഏറ്റവും കുറഞ്ഞ ഉയരം 25 സെ. മീറ്ററും ആയി നിശ്ചയിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ വ്യവസ്ഥയനുസരിച്ച് ചവിട്ടുപടികൾ നിർമ്മിച്ചിട്ടുള്ള ബസ്സുകൾക്കു മാത്രമേ രജിസ്ട്രേഷൻ നൽകാറുള്ളൂ.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 282 (1) പാലിക്കപ്പെടാത്ത സ്റ്റേജ് ക്യാരേജുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകരുതെന്നും ഈ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് 'ഫീൽഡ് ഓഫീസേഴ്സ്' പരിശോധിക്കുന്നതിന് വേണ്ട നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ നൽകണമെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്. കോടതി ഉത്തരവിന്റെ പകർപ്പ് ഗവൺമെന്റിനും ട്രാൻസ്പോർട്ട് കമ്മീഷണർക്കും ലഭിച്ചിട്ടുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ട്രാൻസ്പോർട്ട് കമ്മീഷണർ എല്ലാ ആർ.ടി.ഒ.-മാർക്കും ജെ.ആർ.റ്റി.ഒ.-മാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുമുണ്ട്.

(എഫ്—എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ബസ്സ് സർവ്വീസ്

106 [2878] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. മുരളി :
,, എം. എ. വാഹീദ് :
,, ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly